**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 985** **06-10-2021 - ൽ മറുപടിയ്ക്ക്**

**തോട്ടപ്പള്ളി സ്പിൽവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തോട്ടപ്പള്ളി സ്പിൽവേയുടെ ആഴവും വീതിയും കൂട്ടുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട കാറ്റാടി മരങ്ങൾ മുറിച്ചു മാറ്റുന്നതിന് നിർദ്ദേശമുണ്ടായിരുന്നോ; വ്യക്തമാക്കുമോ? | (എ) | തോട്ടപ്പള്ളി സ്പിൽവേയുടെ ആഴവും വീതിയും കൂട്ടുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട കാറ്റാടി മരങ്ങൾ മുറിച്ചു മാറ്റുന്നതിന് നിർദ്ദേശം നൽകിയിരുന്നു. തോട്ടപ്പള്ളി സ്പിൽവേ, തണ്ണീർമുക്കം ബണ്ട് എന്നിവയുടെ പ്രവർത്തനം, നവീകരണം എന്നിവ സംബന്ധിച്ച് അന്നത്തെ ബഹു.ജലവിഭവ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 02/05/2019-ന് ചേർന്ന യോഗത്തിന്റെ തീരുമാനമനുസരിച്ച് ദുരന്തനിവാരണ നിയമപ്രകാരം മരങ്ങൾ മുറിച്ചുമാറ്റാൻ ജില്ലാകളക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റി യോഗം കൂടുകയും 07/05/2019-ൽ ആലപ്പുഴ ജില്ലാ കളക്ടർ ദുരന്തനിവാരണ നിയമപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ